# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2360**     **06.12.2018-ൽ മറുപടിയ്ക്ക്**

## <u>സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുള്ള വളർച്ച</u>

<table>
<tr><th colspan="2"><u>ചോദ്യം</u><br>ശ്രീ.എം.ഉമ്മർ</th><th colspan="2"><u>മറുപടി</u><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">നടപ്പ് സാമ്പത്തിക വർഷം മുൻവർഷത്തേക്കാൾ 22 ശതമാനം കൂടുതൽ നികുതി വരുമാനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2018 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ ജി.എസ്.ടി, വാറ്റ്, കെ.ജി.എസ്.ടി നികുതി വരുമാനത്തിൽ 14.95 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേന്ദ്രം നൽകിയ ജി.എസ്.ടി കോമ്പൻസേഷൻകൂടി കണക്കിലെടുത്താൽ 17 ശതമാനം വളർച്ച ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധമായ വിവരങ്ങൾ താഴെ നൽകുന്നു.
<table>
<tr><th>കാലയളവ്</th><th>ലഭിച്ച വരുമാനം<br>(വാറ്റ്, കെ.ജി.എസ്.ടി, ജി.എസ്.ടി കോമ്പൻസേഷൻ ഉൾപ്പെടെ)<br>(തുക കോടിയിൽ)</th></tr>
<tr><td>31.10.2017 വരെ ലഭിച്ചത്</td><td>20935.98</td></tr>
<tr><td>31.10.2018 വരെ ലഭിച്ചത്</td><td>24561.50</td></tr>
<tr><td>വർദ്ധനവ് ശതമാനത്തിൽ</td><td>17</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രതീക്ഷിത വളർച്ചയുടെ പത്ത് ശതമാനം മാത്രമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;</td></tr>
<tr><td>(സി)</td><td>ജി.എസ്.റ്റി. നടപ്പിൽ വരുത്തിയപ്പോൾ ഉണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകളായ കേന്ദ്രത്തിന്റെ നഷ്ടപരിഹാരം, സോഫ്റ്റ് വെയറിന്റെ അപര്യാപ്തത എന്നിവ പരിഹരിക്കാൻ നടപ്പ് സാമ്പത്തിക വർഷം സാധിച്ചിട്ടുണ്ടോ;</td><td>(സി)</td><td>കേന്ദ്ര ജി.എസ്.ടി കോമ്പൻസേഷൻ 2017-18 സാമ്പത്തിക വർഷത്തിൽ 2102 കോടി രൂപയും 2018-19 -ൽ 1880 കോടി രൂപയും ലഭിച്ചു.<br><br>സോഫ്റ്റ് വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ യഥാസമയം ഇതു കൈകാര്യം ചെയ്യുന്ന ജി.എസ്.ടി നെറ്റ്‌വർക്ക് കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യുന്നുണ്ട്.</td></tr>
<tr><td>(ഡി)</td><td>ഓഖി, ജി.എസ്.റ്റി., പ്രളയം, നോട്ടു നിരോധനം എന്നീ കാരണങ്ങൾ ഒഴികെ മറ്റേതെങ്കിലും കാര്യങ്ങൾ സാമ്പത്തിക വളർച്ചയെ സ്വാധീനിച്ചതായി കരുതുന്നുണ്ടോ;</td><td>(ഡി)<br>&<br>(ഇ)</td><td>നോട്ടു നിരോധനം ചെറുകിട വ്യവസായ, വ്യാപാര മേഖലകളെയും കാർഷിക മേഖലയേയും ഗണ്യമായി തളർത്തി. ഓഖിയും പ്രളയവും സമ്പദ്ഘടനയ്ക്ക് ഏൽപ്പിച്ച</td></tr>
</table>

| | | | |
|---|---|---|---|
| (ഇ) | ഉണ്ടെങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിന് സർക്കാർ സംവിധാനത്തിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ? | | ആഘാതം ഗണ്യമാണ്. അനവധാനതയോടെ ജി.എസ്.ടി നടപ്പിൽ വരുത്തിയതും ദോഷകരമായിട്ടുണ്ട്. ആസൂത്രിതമായ ഇടപെടലിലൂടെ ഇത് മറികടക്കാനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ